# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തൊന്ന്

## വിശുദ്ധിക്കു വേണ്ടിയുള്ള ശിക്ഷണം

Sat

### I. എബ്രായ വിശ്വാസികൾ വിശുദ്ധരായിരിക്കുവാൻ, ദൈവത്തിന് സമ്പൂർണമായി വേർതിരിക്കപ്പെട്ടവരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു

ഈ ദൂതിൽ നാം വിശുദ്ധിക്കു വേണ്ടിയുള്ള ശിക്ഷണത്തിന്റെ വിഷയത്തിലേക്കു വരുന്നു (12:5-14). ഈ പുസ്തകത്തിന്റെ അടിസ്ഥാന ആശയങ്ങളിലൊന്ന്, എബ്രായ വിശ്വാസികൾ വിശുദ്ധരായിരിക്കണമെന്നും, ദൈവത്തിന് പൂർണമായി വേർതിരിക്കപ്പെട്ടവരായിരിക്കണമെന്നും, യെഹൂദമതത്തിൽ സാമാന്യമായി തുടരാതെ (വാ. 14; 3:1) അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു എന്നതാണ്. (10:19, 22). യഥാർഥ വിശുദ്ധി അതിവിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിക്കുന്നതാണ്. ഒരിക്കൽ നാം അതിവിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ, നാം വിശുദ്ധിയുടെ കൊടുമുടിയിലെത്തിക്കഴിഞ്ഞു. അതിവിശുദ്ധസ്ഥലത്തേക്കാൾ കൂടുതൽ വിശുദ്ധിയുള്ളവരായിരിക്കുവാൻ കഴിയുന്ന മറ്റൊരിടവും നമുക്കില്ല.

അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കുന്നത് കേവലം ഷെക്കീനാതേജസ്സിൽ ആയിരിക്കുന്ന ഒരു കാര്യമല്ല. ഇതുപോലും ഏറെക്കുറെ ബാഹ്യവും ഉപരിപ്ലവവുമാണ്. നാം അതിവിശുദ്ധസ്ഥലത്തുള്ള ഷെക്കീനാതേജസ്സിൽ ആയിരിക്കാമെങ്കിലും, നാം അപ്പോഴും പെട്ടകത്തിന്റെ ഉള്ളടക്കങ്ങൾ അനുഭവിക്കേണ്ടതാവശ്യമാണ്. പെട്ടകത്തിനുള്ളിൽപോലും ചിലത് മറച്ചിരിക്കുന്നു—പൊൻകുടത്തിലെ മറഞ്ഞിരിക്കുന്ന മന്ന. ക്രിസ്ത്യാനുഭവത്തിലുള്ള ആത്യന്തിക കാര്യമായ സാക്ഷ്യ പലകകളുടെ സമീപത്താണ് ഈ മറഞ്ഞിരിക്കുന്ന മന്ന. വിശുദ്ധനായിരിക്കുകയെന്നാൽ ക്രിസ്ത്യാനുഭവത്തിന്റെ പരിണതമായ വിഷയത്തിൽ എത്തുക, അതായത് ജീവപ്രമാണം അനുഭവമാക്കുക എന്നാണ് അർഥമാക്കുന്നത്.

ജീവപ്രമാണത്തേക്കാൾ കൂടുതൽ വ്യക്തിവനിഷ്ഠമായി നമ്മെ വിശുദ്ധരാക്കുവാൻ കഴിയുന്ന മറ്റൊന്നുമില്ല, കാരണം അത് യഥാർഥ വിശുദ്ധിയായ ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കുന്നു. ദൈവത്തിന്റെ ദിവ്യസ്വഭാവം വിശുദ്ധിയുടെ സാരാംശമാണ്. ദൈവത്തിന്റെ ദിവ്യസ്വഭാവത്തെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കുവാൻ ജീവപ്രമാണത്തിനല്ലാതെ മറ്റൊന്നിനും കഴിയുകയില്ല. നാം ജീവപ്രമാണം അനുഭവമാക്കുമ്പോൾ മാത്രമേ നമുക്ക് വാസ്തവമായും വിശുദ്ധരായിരിക്കുവാൻ കഴിയൂ.

എബ്രായലേഖനത്തിന്റെ ലക്ഷ്യം, നാം സാക്ഷ്യപെട്ടകത്തിലെ ഉള്ളടക്കങ്ങൾ അനുഭവമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടെ നമ്മെ അതിവിശുദ്ധസ്ഥലത്തിലേക്കു കൊണ്ടുവരിക എന്നതാണ്. ഈ ഉള്ളടക്കങ്ങളിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു: മറഞ്ഞിരിക്കുന്ന മന്നയും, തളിർക്കുന്ന വടിയും, ജീവപ്രമാണവും. മറഞ്ഞിരിക്കുന്ന മന്നയും തളിർത്ത വടിയും നമ്മുടെ ആസ്വാദനത്തിനും വിശേഷാവകാശത്തിനുമാണ്, എന്നാൽ ജീവപ്രമാണം ദൈവത്തിന്റെ പ്രവർത്തനത്തിനു വേണ്ടിയാണ്. അതിലൂടെ, അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് അവൻ പണിതുചേർക്കുന്നു. അതുകൊണ്ട്, നാം അങ്ങേയറ്റം വിശുദ്ധരായിരിക്കണമെങ്കിൽ നാം ജീവപ്രമാണത്തെ അനുഭവമാക്കണം, അതിലൂടെ ദൈവം നമ്മുടെ യഥാർഥ വിശുദ്ധിയായി അവനെത്തന്നെ നമ്മിലേക്ക് പണിതുചേർക്കുന്നു.

## II. എബ്രായ വിശ്വാസികൾ സഹിച്ച ഉപദ്രവം ഒരു ശിക്ഷണമായിരുന്നു

എബ്രായ വിശ്വാസികളുടെ ഉപദ്രവത്തെ പരാമർശിക്കുന്ന എബ്രായർ 12:7 പറയുന്നു, "ശിക്ഷണത്തിനായിട്ടത്രേ നിങ്ങൾ സഹിക്കുന്നത്." ദൈവത്തിന്റെ കാഴ്ചപ്പാടിൽനിന്നും നോക്കിയാൽ, എബ്രായ വിശ്വാസികൾ യെഹൂദമതത്തിൽ അനുഭവിച്ച ഉപദ്രവം ഒരു ശിക്ഷണം, ഒരു അനുശാസനമായിരുന്നു. സാമാന്യമായ കാര്യങ്ങളിൽനിന്നും ദൈവത്തിന്റെ വിശുദ്ധിയിലേക്ക് അവർ വേർതിരിക്കപ്പെടേണ്ടതിന് അവർ ശിക്ഷണമേൽക്കുകയായിരുന്നു.

## III. ശിക്ഷണമെന്നത് തന്റെ പുത്രന്മാർ പിതാവിന്റെ വിശുദ്ധസ്വഭാവത്തിൽ പങ്കുകൊള്ളേണ്ടതിന് തന്റെ പുത്രന്മാരോടുള്ള പിതാവിന്റെ ഇടപെടലാകുന്നു

വാക്യം 10 പറയുന്നു, "അവർ തങ്ങൾക്ക് നന്നായി ബോധിച്ചതുപോലെ കുറച്ചുനാളത്തേക്ക് ബാലശിക്ഷ കഴിച്ചു;

എന്നാൽ അവനോ, നാം തന്റെ വിശുദ്ധിയിൽ പങ്കുകൊള്ളുവാൻ തക്കവണ്ണം പ്രയോജനത്തിനായത്രേ ശിക്ഷിക്കുന്നത്." തന്റെ പുത്രന്മാർ തന്റെ വിശുദ്ധ സ്വഭാവത്തിൽ പങ്കുകൊള്ളേണ്ടതിന് അവരോടുള്ള പിതാവിന്റെ ഇടപെടലാണ് ശിക്ഷണം. ദൈവത്തിന്റെ ശിക്ഷണം, ദൈവത്തിന്റെ നമ്മോടുള്ള ഇടപെടൽ, അവന്റെ ഉദ്ദേശ്യത്തിലേക്ക് നമ്മെ കൊണ്ടുവരിക എന്നതാണ്, അത്, നാം അതിവിശുദ്ധസ്ഥലമൊഴികെ മറ്റെല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയും, നമുക്ക് യഥാർഥ വിശുദ്ധി ഉണ്ടായിരിക്കേണ്ടതിന് അതിവിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതാണ്. എങ്കിലും, പുരാതന കാലത്തെ എബ്രായ വിശ്വാസികളെപ്പോലെ, നമ്മിൽ അനേകരും ഈ രീതിയിൽ ദൈവവുമായി സഹകരിക്കുന്നില്ല. അങ്ങനെ, അവന്റെ പരമാധികാരത്തിൻ കീഴിൽ, നമ്മെ അവന്റെ ഉദ്ദേശ്യത്തിലേക്ക് കൊണ്ടുവരേണ്ടതിന് അവൻ നമ്മെ ശിക്ഷിക്കുന്നു.

നാം കണ്ടതുപോലെ, വിശുദ്ധി ദൈവത്തിന്റെ സ്വഭാവമായതിനാൽ, ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുകൊള്ളുന്നത് അവന്റെ സ്വഭാവത്തിൽ പങ്കുകൊള്ളുന്നതാണ്. എബ്രായ വിശ്വാസികൾ യെഹൂദമതത്തിൽ തുടരുന്നത് സാമാന്യവും അശുദ്ധവുമായിരുന്നു. അവർ ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തിൽ പങ്കുകൊള്ളേണ്ടതിന് അവർ ദൈവത്തിന്റെ പുതിയ ഉടമ്പടിയിലേക്ക് വേർതിരിക്കപ്പെടേണ്ടത് ആവശ്യമായിരുന്നു. ഈ ഉദ്ദേശ്യത്തിനുവേണ്ടി, അവർ സാമാന്യമായതിൽനിന്നും വിശുദ്ധമായതിലേക്ക് വേർപെടേണ്ടതിന് അവരെ ശിക്ഷണവിധേയരാക്കുവാൻ ഉപദ്രവം എഴുന്നേൽപ്പിക്കപ്പെട്ടു.

വാക്യം 9-ൽ ദൈവത്തെ "ആത്മാക്കളുടെ പിതാവ്" എന്നു വിളിക്കുന്നു. "ആത്മാക്കളുടെ പിതാവിനെ" "നമ്മുടെ ജഡത്തിലുള്ള പിതാക്കന്മാരോട്" താരതമ്യം ചെയ്തിരിക്കുന്നു. വീണ്ടുംജനനത്തിൽ, നമ്മുടെ ആത്മാവിൽ (യോഹ. 3:6) നാം ദൈവത്തിൽനിന്നും ജനിച്ചു (യോഹ. 1:13). ഇക്കാരണത്താൽ, അവൻ നമ്മുടെ ആത്മാക്കളുടെ പിതാവാണ്. ചഞ്ചലിക്കുന്ന എബ്രായ വിശ്വാസികൾ അവരുടെ ആത്മാവിൽ കർത്താവിനെ പിന്തുടരാതെ അവരുടെ മനസ്സിൽ അലഞ്ഞുനടന്നിരുന്നതിനാൽ, ദൈവത്തിന്റെ വിശുദ്ധ സ്വാഭാവത്തിൽ പങ്കുകൊള്ളേണ്ടതിന്, അവരുടെ മനസ്സിൽനിന്നും അവരുടെ ആത്മാവിലേക്ക് തിരിയുവാൻ (4:12) അവരെ നിർബന്ധിക്കുന്നതിന് ആത്മാക്കളുടെ പിതാവ് യെഹൂദമതത്താലുള്ള ഉപദ്രവത്തെ ഉപയോഗിച്ചു.

## IV. ശിക്ഷണം നീതിയിൽ പരിണമിക്കുന്ന വിശുദ്ധിക്കു വേണ്ടിയാകുന്നു

ശിക്ഷണം നീതിയിൽ പരിണമിക്കുന്ന വിശുദ്ധിക്കു വേണ്ടിയുള്ളതാണ്. വിശുദ്ധി ആന്തരിക സ്വഭാവം, ദിവ്യജീവന്റെ

സ്വഭാവമാണ്, നീതി ബാഹ്യമായ പെരുമാറ്റം, വിശുദ്ധീകരിക്കപ്പെട്ട വിശ്വാസികളുടെ പെരുമാറ്റമാണ്, അത് ആന്തരിക സ്വഭാവത്തിൽനിന്നു പുറത്തുവരുകയും സമാധാനഫലം, സമാധാനത്തിന്റെ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു (വാക്യം 11; യെശ. 32:17). ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്താൽ നാം ഒരിക്കലും ആന്തരികമായി അഭിവ്യാപിക്കപ്പെട്ടിട്ടില്ലെങ്കിൽ, നമ്മുടെ ബാഹ്യമായ പെരുമാറ്റത്തിൽ നമുക്കൊരിക്കലും ശരിയായ നീതി ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. ഒന്നാമതായി, ജീവപ്രമാണം ദൈവത്തിന്റെ ദിവ്യ സ്വഭാവത്തെ നമ്മിലേക്കു പണിതുചേർക്കണം. അപ്പോൾ നമ്മുടെ ബാഹ്യമായ പെരുമാറ്റത്തിൽ നമുക്ക് ആന്തരിക വിശുദ്ധിയുടെ ഫലമായി നീതിയുടെ സമാധാനഫലം ഉണ്ടായിരിക്കും. നമ്മുടെ പ്രായോഗിക അനുഭവത്തിൽ വിശുദ്ധി ഒന്നാമതും നീതി രണ്ടാമതും സമാധാനം മൂന്നാമതുമാണ്.

എബ്രായ വിശ്വാസികൾ യെഹൂദമതക്കാരാൽ ഉപദ്രവിക്കപ്പെടുകയായിരുന്നു. ഉപദ്രവിക്കുന്നവരിൽ ചിലർ അവരുടെ ബന്ധുക്കളായിരുന്നിരിക്കാം, ഒരുപക്ഷേ മാതാപിതാക്കളോ മക്കളോ പോലും ആയിരിക്കാം. അവർ ഈ ഉപദ്രവത്തിൻകീഴിലായിരുന്നപ്പോൾ, അവരെ ഉപദ്രവിക്കുന്നവരുമായി സമാധാനമുണ്ടാക്കുവാൻ അവർ ശ്രമിച്ചു. എന്നാൽ അവരുടെ വിശുദ്ധിയെ അവഗണിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്തു. വിശുദ്ധിയെന്നത് ജീവപ്രമാണത്തിൽ എത്തിച്ചേരുവാൻ അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കുന്നതാണ്, അതിന്റെ പ്രവർത്തനം ദൈവത്തിന്റെ ദിവ്യ സ്വഭാവംകൊണ്ട് നമ്മെ സാന്ദ്രീകരിക്കുന്നു. നാം ദൈവത്തിന്റെ സ്വഭാവവുമായി സാന്ദ്രീകരിക്കപ്പെടുമ്പോൾ, നമുക്ക് സ്വതവേ നീതിയുടെ ഫലം ഉണ്ടായിരിക്കുകയും, ഈ നീതി യഥാർഥ സമാധാനത്തെ കൊണ്ടുവരുകയും ചെയ്യുന്നു. അനേകം ക്രിസ്ത്യാനികൾക്കും യഥാർഥമല്ലാത്ത ഒരു സമാധാനമുണ്ട്: അത് വിട്ടുവീഴ്ചയിൽനിന്നു വരുന്ന ഒരു സമാധാനമാണ്. ചില എബ്രായ വിശ്വാസികൾ ഇങ്ങനെ പറഞ്ഞിരിക്കാം, "അപ്പാ, പൂർണമായി പുതിയ ഉടമ്പടി വഴിയിലായിരിക്കുവാൻ അങ്ങ് എന്നെ അനുവദിക്കുന്നില്ലെങ്കിൽ, ഒരുപക്ഷേ ഏഴാം ദിവസം ഞാൻ അങ്ങയോടുകൂടെ ആലയത്തിൽ പോകുകയും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ എട്ടാം ദിവസം ക്രിസ്തീയ കൂടിവരവിൽ സംബന്ധിക്കുകയും ചെയ്യാം. അപ്പോൾ നമുക്ക് സമാധാനത്തിലായിരിക്കുവാൻ കഴിയും." ഈ സമാധാനം വിട്ടുവീഴ്ചയിലൂടെയുള്ള ഒരു സമാധാനമാണ്, വിശുദ്ധിയെ ത്യജിക്കുന്നതിൽനിന്നു വരുന്ന ഒരു സമാധാനമാണ്.

നാം കണ്ടതുപോലെ, സമാധാനം നീതിയുടെ ഫലവും, വിശുദ്ധി ആന്തരിക സ്വഭാവവും, നീതി ബാഹ്യമായ പെരുമാറ്റവും ആണ്. ദൈവത്തിന്റെ ശിക്ഷണം വിശ്വാസികളെ അവന്റെ വിശുദ്ധിയിൽ

പങ്കുകൊള്ളുവാൻ മാത്രമല്ല, അവരെ ദൈവത്തോടും മനുഷ്യനോടും നേരുള്ളവരാക്കാനുമാണ്, അങ്ങനെയുള്ള നീതിയുടെ അവസ്ഥയിൽ അവർ സമാധാനത്തെ നീതിയുടെ മാധുര്യം നിറഞ്ഞ സമാധാനഫലമായി ആസ്വദിക്കേണ്ടതിനു തന്നെ.

## V. മുടന്തുള്ള അവയവങ്ങൾ സന്ധിയിൽനിന്നും ഇളകിപ്പോകാതെ സൗഖ്യമാകേണ്ടതിന് ദുർബലരും തളർന്നവരുമായ എബ്രായ വിശ്വാസികൾ നേരായ പാതകൾ നിരത്തേണ്ടത് ആവശ്യമാകുന്നു

12-ഉം 13-ഉം വാക്യങ്ങൾ പറയുന്നു, "ആകയാൽ ദുർബല കരങ്ങളും തളർന്ന മുഴങ്കാലുകളും നിവർത്തുവിൻ, മുടന്തുള്ളത് സന്ധിയിൽനിന്ന് ഇളകിപ്പോകാതെ സൗഖ്യമാകേണ്ടതിന്, നിങ്ങളുടെ കാലുകൾക്ക് നേരായ പാതകൾ നിരത്തുവിൻ." ക്രിസ്തീയ ജീവിതം മനസ്സിനുവേണ്ടിയുള്ള താത്വിക ഉപദേശങ്ങളെ സംബന്ധിച്ച കാര്യമല്ല. അത്, നമ്മുടെ കാലുകൾക്ക് പ്രായോഗികമായ പാതകൾ അടങ്ങിയതായിരിക്കണം. വേദപുസ്തകത്തിലെ കോട്ടമില്ലാത്തതും, ആരോഗ്യകരവുമായ എല്ലാ ഉപദേശങ്ങളും പാതകൾക്കു വേണ്ടിയുള്ളതാണ്. എബ്രായലേഖനത്തെ സംബന്ധിച്ച് ഇത് തികച്ചും സത്യമാണ്. ഈ പുസ്തകം ആദ്യമായി നമുക്ക് ക്രിസ്തുവിനെയും അവന്റെ പുതിയ ഉടമ്പടിയെയും സംബന്ധിച്ച ഉന്നതവും ആരോഗ്യകരവുമായ ഉപദേശങ്ങൾ ശുശ്രൂഷിക്കുന്നു. പിന്നെ അത് നമുക്കു കാണിച്ചുതന്ന ശരിയായ ഉപദേശങ്ങളെ അടിസ്ഥാനമാക്കി ഓട്ടം ഓടുവാനും നമ്മുടെ പാദങ്ങൾക്ക് നേരായ പാതകൾ നിരത്തുവാനും നമ്മോട് ആവശ്യപ്പെടുന്നു. ഈ പുസ്തകത്തിന്റെ ആദ്യഭാഗം (1:1-10:18) ഉപദേശങ്ങളുടെയും, രണ്ടാമത്തേത് (10:19-13:25) ഒരു ഓട്ടത്തിന്റേയും, പാതകളുടേയും ഭാഗമാണ്.

"മുടന്തുള്ളത് സന്ധിയിൽനിന്ന് ഇളകിപ്പോകാതെ സൗഖ്യമാകേണ്ടതിന്, നിങ്ങളുടെ കാലുകൾക്ക് നേരായ പാതകൾ നിരത്തുവിൻ" എന്ന് വാക്യം 13-ൽ എഴുത്തുകാരൻ എബ്രായ വിശ്വാസികളോടു പറയുന്നു. "ഇളകിപ്പോകാതെ" എന്നതിന് പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദത്തെ "സ്ഥാനഭ്രംശം വരാതെ" അഥവാ "ഉളുക്കിപോകാതെ" എന്നും വിവർത്തനം ചെയ്യാം. ശരീരത്തിന്റെ മുടന്തുള്ള അവയവങ്ങളായ എബ്രായ വിശ്വാസികൾ (കാലുകൾ) വിശ്വാസത്യാഗത്തിലേക്ക് വീഴാതെ (അതായത്, സന്ധിയിൽനിന്ന് ഇളകിപ്പോകാതെ), പകരം പുതിയ ഉടമ്പടി വഴിയിലേക്ക് പൂർണമായും കൊണ്ടുവരപ്പെടേണ്ടതിന് (അതായത്, സൗഖ്യമാകേണ്ടതിന്), ചഞ്ചലിക്കുന്ന അവർ യെഹൂദമതത്തിന്റെ ആചാരങ്ങളുടെ ബാഹ്യരൂപത്തെയെല്ലാം ഉപേക്ഷിക്കണം (അതായത്, നേരായ പാതകൾ നിരത്തണം)

എന്നതാണ് ഇവിടത്തെ സന്ദർഭം സൂചിപ്പിക്കുന്നത്. അങ്ങനെ, നേരായ പാതകൾ നിരത്തുകയെന്നാൽ യെഹൂദമതത്തിന്റെ ആചാരങ്ങളുടെ ബാഹ്യരൂപത്തെയെല്ലാം ഉപേക്ഷിക്കുക എന്നും, മുടന്തുള്ളവരായിരിക്കരുതെന്നാൽ വിശ്വാസത്യാഗത്തിലേക്ക് വീണുപോകരുതെന്നും, സൗഖ്യമുള്ളവരായിരിക്കുകയെന്നാൽ പുതിയ ഉടമ്പടിയുടെ വഴിയിലേക്ക് പൂർണമായി കൊണ്ടുവരപ്പെടുക എന്നുമാണ്.

പുതിയ ഉടമ്പടിയുടെ വഴി വളവുകളില്ലാതെ നേരായതായിരിക്കണം. എബ്രായ വിശ്വാസികൾ ഇപ്പോഴും അവരുടെ ബന്ധുക്കളോടൊപ്പം ശബ്ബത്തു ദിവസം ആലയത്തിൽ പോകുന്നെങ്കിൽ, അവർ പുതിയ ഉടമ്പടിയുടെ വഴിയിൽ വളവുകൾ ഉണ്ടാക്കുകയായിരുന്നു. വിട്ടുവീഴ്ചയുടെ ഓരോ പ്രവർത്തനവും ഒരു വളവാണ്. അമേരിക്കയിൽ ഹൈവേകൾ നിർമിച്ചിരിക്കുന്ന രീതി ഞാൻ വളരെ ഇഷ്ടപ്പെടുന്നു—നേരേയുള്ളതും പരന്നതും. ഇന്ന് നിരവധി ക്രിസ്ത്യാനികൾ പുതിയ ഉടമ്പടിയുടെ വഴി, അതായത്, കർത്താവിന്റെ പ്രത്യു ദ്ധാരത്തിന്റെ വഴി കണ്ടിട്ടുണ്ട്. കർത്താവിന്റെ പ്രത്യുദ്ധാര ത്തിലുള്ള സഭാജീവിതത്തിന്റെ വഴി ശരിയായ വഴിയാണെന്ന് അവർക്കറിയാമെങ്കിലും പൂർണ വില കൊടുക്കുവാൻ അവർക്ക് ധൈര്യമില്ല. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭയുടെ വഴിയിൽ വളവുകൾ വരുത്തിക്കൊണ്ട് അവർ വിട്ടുവീഴ്ച ചെയ്യുന്നു. പുതിയ നിയമത്തിന്റെ വഴി നേരെയാക്കുവാൻ എബ്രായ വിശ്വാസികൾക്ക് എങ്ങനെ കഴിയും? യെഹൂദമതത്തിന്റെ എല്ലാ ബാഹ്യരൂപവും ഉപേക്ഷിച്ചുകൊണ്ടു മാത്രം. "ആലയം യെഹൂദ ആചാരത്തിന്റെ ഒരു ബാഹ്യരൂപം മാത്രമായതുകൊണ്ട്, ശബ്ബത്തു ദിവസത്തിൽ ഞാൻ നിങ്ങളോടുകൂടെ ഒരിക്കലും അവിടെ പോകുകയില്ല" എന്ന് അവർ തങ്ങളുടെ ബന്ധുക്കളോട് പറയണമായിരുന്നു. ഇന്ന് സഭയുടെ വഴി കണ്ടിട്ടുള്ള ചില വിശുദ്ധന്മാർ വിമർശിക്കപ്പെടുമെന്ന് ഭയപ്പെട്ടുകൊണ്ട് പറയുന്നു, "നമുക്ക് അങ്ങേയറ്റത്തോളം പോയി പ്രശ്നമുണ്ടാക്കേണ്ട. മറ്റുള്ളവരോടുകൂടെ നമുക്ക് അല്പം പോകാം." കഴിഞ്ഞ അമ്പതു വർഷത്തിനിടയിൽ ദൈവം അങ്ങനെയുള്ള യാതൊരു വിട്ടുവീഴ്ചയെയും മാനിച്ചിട്ടില്ല. ചിലർ പറഞ്ഞു, "അതെ, നാമാണ് സഭയെന്ന് നമുക്കറിയാം, എന്നാൽ മറ്റുള്ളവർക്ക് മുറിവേൽക്കും എന്നതുകൊണ്ട് നാം അതു പറയരുത്. നമുക്ക് കേവലം സഭയായിരിക്കാം." ഇതാണ് വിട്ടുവീഴ്ച. നിങ്ങൾ ഒരു ആട്ടിൻകുട്ടിയാണെങ്കിൽ, നിങ്ങൾ ഒരു ആട്ടിൻകുട്ടിയാ ണെന്നു പറയണം. നിങ്ങൾ ഒരു പ്രാവാണെങ്കിൽ, നിങ്ങൾ ഒരു പ്രാവാണെന്നു പ്രഖ്യാപിക്കണം. "ഞാൻ ഒരു ആട്ടിൻകുട്ടിയാണ്, എന്നാൽ ഞാൻ ഒരു ആട്ടിൻകുട്ടിയാണെന്ന് പറയാതിരിക്കു ന്നതാണ് നല്ലത്" എന്നു നാം പറയരുത്. ഈ വിധത്തിൽ

വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ, അനേകർ ദൈവത്തിന്റെ നേരായ പാതകൾക്ക് വളവുകൾ ചേർത്തു. വിഭാഗങ്ങൾ തെറ്റാണെങ്കിൽ, അവർ തെറ്റാണെന്ന് നാം വ്യക്തമായി പറയണം. *Further Talks on the Church Life* എന്ന പുസ്തകത്തിൽ സഹോദരൻ വാച്ച്മാൻ നീ പറയുന്നു വിഭാഗങ്ങൾ തെറ്റാണെങ്കിൽ, നാം അവയെ നിലത്തേക്ക് ഇടിച്ചുകളയണം. ഒരു വിട്ടുവീഴ്ച ചെയ്യുന്ന വിധത്തിൽ വിഭാഗീയ വേലികൾക്കു മുകളിലൂടെ നാം കൈകൊടുക്കരുത്. വേലിക്കു മുകളിലൂടെയുള്ള കൈകൊടുക്കൽ പാതയിൽ വളവുകളുണ്ടാക്കുന്നു.

കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളിൽ, അമേരിക്കയിലും യൂറോപ്പിലും നടന്ന പോരാട്ടത്തിൽ ഏതു വഴിയാണ് വിജയിച്ചത്? വളഞ്ഞ വഴിയല്ല, നേരായ വഴിയാണ്. ദൈവം ഒരിക്കലും വളവുകളെ മാനിക്കുകയില്ല. ദൈവം വളവുകളുടെ ദൈവമല്ല; അവൻ നേരായ ദൈവമാണ്. ഒരു വഴി ശരിയല്ലെങ്കിൽ, നാം അതിനെ കുറ്റംവിധിക്കണം. എന്നാൽ അത് ശരിയാണെങ്കിൽ, അത് ശരിയാണെന്ന് ദൂതന്മാരും ഭൂതങ്ങളും ഉൾപ്പെടെ എല്ലാവരോടും നാം പറയണം. വഴി നേരെയാക്കുകയെന്നാൽ ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ വഴിയല്ലാത്ത ഏതിന്റെയും ബാഹ്യരൂപത്തെ ഉപേക്ഷിക്കുക എന്നാണ്.

വാക്യം 13-ൽ പരാമർശിച്ചിട്ടുള്ള മുടന്തുള്ള അവയവങ്ങൾ ചഞ്ചലിക്കുന്ന എബ്രായ ക്രിസ്ത്യാനികളായിരുന്നു. മുടന്തുള്ള അവയവങ്ങളെ സന്ധിയിൽനിന്ന് ഇളക്കുവാൻ, അതായത് സ്ഥാനഭ്രംശം വരുത്തുവാൻ പൗലൊസ് ആഗ്രഹിച്ചില്ല. സന്ധിയിൽനിന്ന് ഇളക്കപ്പെടുന്നത്, സ്ഥാനഭ്രംശം വരുത്തുന്നത്, വിശ്വാസത്യാഗത്തിലേക്ക്, യെഹൂദമതത്തിന്റെ വചനവിരുദ്ധതയിലേക്ക് വീണുപോകുന്നതാണ്. ചഞ്ചലിക്കുന്ന എബ്രായ വിശ്വാസികൾ അങ്ങനെയുള്ള വിശ്വാസത്യാഗത്തിലേക്ക് വീഴാനുള്ള അപകടത്തിലായിരുന്നു. നിങ്ങളുടെ കണങ്കാൽ സന്ധിയിൽനിന്ന് വിട്ടുപോയെങ്കിൽ, ശരിയായ വഴിയിൽനിന്നും വീഴുവാൻ നിങ്ങൾക്ക് എളുപ്പമായിരിക്കും. "സൗഖ്യമാകേണ്ടതിന്" എന്ന വാക്ക് അർഥമാക്കുന്നത് പുതിയ ഉടമ്പടിയുടെ വഴിയിലേക്ക് പൂർണമായി കൊണ്ടുവരപ്പെടുക എന്നാണ്.

ഈ രാജ്യത്ത് കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ആദ്യ വർഷങ്ങളിൽ, വിഭാഗങ്ങളിലെ മുടന്തും മരവിപ്പും ഞാൻ കണ്ടു. വിഭാഗങ്ങൾ ശരിയായിരുന്നുവെങ്കിൽ, നാം അവരോട് ചേരണമായിരുന്നു. എന്നാൽ, അവർ തെറ്റായിരുന്നെങ്കിൽ, അവർ തെറ്റാണെന്ന് നാം പ്രഖ്യാപിക്കുകയും എന്തായിരുന്നു ശരിയായ വഴിയെന്ന് നാം ജനത്തോടു പറയുകയും ചെയ്യണമായിരുന്നു. കർത്താവിന്റെ കരുണയാൽ ഇതാണ് നാം ചെയ്തത്. തീർച്ചയായും നാം അതിനുവേണ്ടി കുറ്റംവിധിക്കപ്പെട്ടു. എന്നാൽ

നാം ജനത്തിന്റെ കുറ്റാരോപണത്തെ കരുതുന്നില്ല; ദൈവത്തിന്റെ മാനത്തിനുവേണ്ടി കരുതുന്നു. അവന്റെ കരുണയാൽ, കാര്യങ്ങൾ യഥാർഥത്തിൽ ആയിരുന്നതുപോലെ വിവരിച്ചുകൊണ്ട് നാം വ്യക്തമായ രീതിയിൽ കാഹളം മുഴക്കി. വഴി നേരെയായിരിക്കാതെ വളവുകൾകൊണ്ട് നിറഞ്ഞിരുന്നതതിനാൽ അനേകരും മുടന്തുള്ളവരായിരുന്നു. ശരിയായ വഴി കണ്ടെത്തുന്നത് അവർക്ക് വളരെ പ്രയാസമായിരുന്നു. ഇന്ന് അമേരിക്കയിൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ലോസ് ഏഞ്ചലസിൽനിന്നും ന്യൂയോർക്കിലേക്ക് ഒരു ഹൈവേ ഉള്ളതിനായി കർത്താവിന് സ്തോത്രം. വഴി നേരെയാക്കിയിരിക്കുന്നതുകൊണ്ട് അനേകം കണങ്കാലുകൾക്ക് സൗഖ്യം കിട്ടി. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ സന്ധിയിൽനിന്ന് ഇളകുവാനുള്ള അപകടസാധ്യത നമ്മിൽ ഒരാൾക്കു പോലുമില്ല. നാമെല്ലാവരും സൗഖ്യമാക്കപ്പെട്ടിരിക്കുന്നു. എബ്രായർ 12 അനുസരിച്ച്, സൗഖ്യമാകുക എന്നാൽ ദൈവത്തിന്റെ പുതിയ നിയമത്തിന്റെ വഴിയിലേക്ക് പൂർണമായി കൊണ്ടുവരപ്പെടുക എന്നാണ്. ഇന്ന് എല്ലാവരുടെയും കണ്ണുകൾ വ്യക്തമാണ്. കറുപ്പ് കറുപ്പും, വെളുപ്പ് വെളുപ്പും, ചാരനിറം ചാരനിറവും ആണ്. അങ്ങനെയുള്ള ഒരു നേരായ പാതയ്ക്കായി കർത്താവിന് നന്ദി. സ്ഥാനഭ്രംശം സംഭവിച്ചതോ ഉളുക്കിയതോ ആയ യാതൊന്നുംതന്നെ ഇല്ലാത്തതിനായും എല്ലാവരും നിവർന്നു നിൽക്കുകയും നേരായ പാതയിലൂടെ നടക്കുകയും ചെയ്യുന്നതിനായും ഞാൻ കർത്താവിനെ സ്തുതിക്കുന്നു. നാം നടക്കുക മാത്രമല്ല—നാം ഓടുകയാണ്.

## VI. ശരിയായ ക്രിസ്തീയജീവിതം സമാധാനവും വിശുദ്ധിയും തമ്മിലുള്ള ഒരു സമതുലിതാവസ്ഥയാകുന്നു

വാക്യം 14 പറയുന്നു, "എല്ലാവരോടും സമാധാനം പിൻപറ്റുവിൻ, വിശുദ്ധീകരണവും പിൻപറ്റുവിൻ, അതുകൂടാതെ ആരും കർത്താവിനെ കാണുകയില്ല." ശരിയായ ക്രിസ്തീയ ജീവിതം സമാധാനവും വിശുദ്ധിയും തമ്മിലുള്ള ഒരു സമതുലിതാവസ്ഥയായിരിക്കണം. ദൈവത്തെ സംബന്ധിച്ച്, വിശുദ്ധിയാണ് അവന്റെ വിശുദ്ധ സ്വഭാവം; നമ്മെ സംബന്ധിച്ച്, അത് ദൈവത്തിങ്കലേക്കുള്ള നമ്മുടെ വേർപാടാണ്. നാം സകല മനുഷ്യരോടും സമാധാനം പിൻപറ്റുമ്പോൾ, നാം ദൈവമുമ്പാകെയുള്ള വിശുദ്ധിയുടെ കാര്യത്തിലും ശ്രദ്ധിക്കണം എന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്. സകല മനുഷ്യരുമായി നാം സമാധാനം പിൻപറ്റുന്നത് ദൈവമുമ്പാകെയുള്ള നമ്മുടെ വിശുദ്ധിയാൽ, ദൈവത്തിങ്കലേക്കുള്ള നമ്മുടെ വേർപാടിനാൽ, സന്തുലിതമാക്കപ്പെടണം, അതുകൂടാതെ ആരും കർത്താവിനെ കാണുകയും അവനുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്യുകയില്ല.

ആദ്യം വിശുദ്ധികൂടാതെ മറ്റുള്ളവരുമായി സമാധാനത്തിലായിരിക്കുവാൻ നാം ശ്രമിക്കരുത്. വിശുദ്ധികൂടാതെയുള്ള സമാധാനം വിട്ടുവീഴ്ച അർഥമാക്കുന്നു. അങ്ങനെയുള്ള വിട്ടുവീഴ്ചാപരമായ സമാധാനം നാം ആഗ്രഹിക്കുന്നില്ല. വിശുദ്ധിയുടെ ഫലമായ സമാധാനമാണ് നാം ആഗ്രഹിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ സമാധാനം നിലനിർത്തുന്നതിനായി വിട്ടുവീഴ്ച ചെയ്ത നിരവധി ക്രിസ്ത്യാനികളെ ഞാൻ കണ്ടിട്ടുണ്ട്. ഒടുവിൽ, അവർക്കിടയിൽ സമാധാനം ഉണ്ടായിരുന്നില്ല. പുറമെ, അവർ നിരവധി കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്തു, എന്നാൽ അകമെ അവർ അന്യോന്യം പോരാടുകയായിരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇന്നു നാം എത്രത്തോളം അതിവിശുദ്ധസ്ഥലത്തിലേക്കു വരുന്നുവോ, അത്രത്തോളം നാം സമാധാനത്തിലാണ് എന്നതിനായി കർത്താവിനെ സ്തുതിക്കാം. ഒരു സ്ഥലം സഭയിലെ മൂപ്പന്മാർ പരസ്പരം സമാധാനത്തിലല്ലെങ്കിൽ, അത് ഒരു ലജ്ജയാണ്. നാം വിശുദ്ധിക്കായി, അതായത്, അതിവിശുദ്ധസ്ഥലത്തായിരിക്കുന്നതിനായി കരുതുമ്പോൾ, നമുക്ക് യഥാർഥ സമാധാനം ഉണ്ട്. പന്ത്രണ്ടു വർഷത്തിലേറെയായി ലോസ് ഏഞ്ചലസിലെ സഭ സമാധാനത്തിലായിരുന്നു എന്നതിനായി കർത്താവിനെ സ്തുതിക്കുന്നു. അനാഹേമിലെ സഭയുടെ കാര്യവും അങ്ങനെ തന്നെയാണ്. നിങ്ങൾ ഇവിടെ വരുമ്പോൾ, സമാധാനം ഇല്ലാത്തതിന്റെ ഒരു സൂചന നിങ്ങൾക്ക് കണ്ടെത്താൻ കഴിയില്ല. നമ്മുടെ ഇടയിലുള്ള സമാധാനം വിട്ടുവീഴ്ചയാൽ ഉളവായതല്ല: അത് അതിവിശുദ്ധസ്ഥലത്തിലെ വിശുദ്ധിയാൽ ഉളവാക്കപ്പെട്ടതാണ്.

ചഞ്ചലിക്കുന്ന എബ്രായ ക്രിസ്ത്യാനികൾ അവരെ എതിർക്കുന്നവരുമായി സമാധാനം നിലനിർത്തുവാൻ ശ്രമിച്ചു, എന്നാൽ ഒടുവിൽ അവരുടെ വിശുദ്ധി അവർക്ക് നഷ്ടമായി. അതുകൊണ്ട്, ശരിയായ സമാധാനത്തിലേക്ക്, നീതിയുടെയും യഥാർഥ വിശുദ്ധിയുടെയും ഫലമായ സമാധാനത്തിലേക്ക്, അവരെ മടക്കിക്കൊണ്ടുവരാൻ എഴുത്തുകാരൻ തന്നാലാവോളം ശ്രമിച്ചു. സമാധാനം നാം മനുഷ്യരോടുകൂടെ ജീവിക്കുവാനും, വിശുദ്ധി നാം കർത്താവിനെ കാണുന്നതിനുമാണ്. നിങ്ങൾക്ക് മനുഷ്യനുമായി സമാധാനം ഉണ്ടായിരിക്കാമെങ്കിലും, നിങ്ങൾക്ക് ഇപ്പോഴും കർത്താവിന്റെ സാന്നിധ്യം ഉണ്ടോ? നാം ആദ്യം കർത്താവിന്റെ സാന്നിധ്യത്തിനുവേണ്ടിയും, പിന്നീട് മറ്റുള്ളവരോടുകൂടെ ജീവിക്കുന്നതിനുവേണ്ടിയും കുരുതണം. നമ്മുടെ സമാധാനം കർത്താവിന്റെ സാന്നിധ്യത്തിൽനിന്നും ഉളവായതായിരിക്കണം. ഇന്ന് നമുക്ക്, അവന്റെ സാന്നിധ്യം നമ്മുടെ പ്രായോഗിക വിശുദ്ധിയാണ്.